നം: 14160/ഉപസി3/99/ഉ.ഭ.പ.വ.

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര
(ഉപദേശ-സി) വകുപ്പ്.
തിരുവനന്തപുരം,
തീയതി: 29.1.2000.

# സ ർ ക്കു ല ർ

വിഷയം:- സർക്കാർ സർവീസ്- പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗസ്ഥൻമാരുടെ നിയമനം, സ്ഥലം മാറ്റം എന്നിവ സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന: -1. 3.10.1980 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 459/80/ജി.എ.സി.
2. 11.7.1988 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 34/88/ഉ.ഭ.പ.വ
3. 22.5.1980 ലെ സർക്കാർ ഉത്തരവ് (പി) നം. 15/89/ഉ.ഭ.പ.വ.
4. 18.4.1992 ലെ സർക്കാർ ഉത്തരവ് (പി) നം. 22/92/ഉ.ഭ.പ.വ.

സർക്കാർ സർവ്വീസിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുൾപ്പെടെയുള്ള ഉദ്യോഗസ്ഥന്മാരുടെ സ്ഥലംമാറ്റം സംബന്ധിച്ച കാര്യങ്ങളിൽ നൽകേണ്ട പരിരക്ഷകളെ സംബന്ധിച്ച് സൂചനയിലെ സർക്കാർ ഉത്തരവുകളിൽ വ്യക്തമായി പരാമർശിച്ചിട്ടുണ്ട്. എന്നാൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥർക്ക് സൗകര്യ പ്രദമായ സ്ഥലത്ത് നിയമനം നടത്തണമെന്ന സർക്കാർ ഉത്തരവ് പല നിയമനാധികാരികളും വകുപ്പ് മേധാവികളും വേണ്ട രീതിയിൽ പാലിക്കുന്നില്ലായെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ആയതിനാൽ എല്ലാ നിയമനാധികാരികളുടെയും വകുപ്പ് തലവന്മാരുടെയും അറിവിലേയ്ക്കും മേൽ നടപടികൾക്കുമായി താഴെപറയുന്ന നിർദ്ദേശങ്ങൾ വീണ്ടും പുറപ്പെടുവിക്കുന്നു.

1) പട്ടികജാതി പട്ടികവർഗ്ഗ ഉദ്യോഗസ്ഥൻമാർക്ക് ജില്ലാതല നിയമനങ്ങളിലെ സ്ഥലം മാറ്റത്തിനുള്ള അഞ്ചുവർഷ നിയമം പാലിച്ചു കൊണ്ടു തന്നെ കഴിയുന്നതും അവരുടെ സ്വദേശത്തോ തെരഞ്ഞെടുത്ത ജില്ലയിലോ നിയമനം നൽകേണ്ടതാണ്. ഭരണപരമായ കാരണങ്ങളാൽ മറ്റ് സ്ഥലങ്ങളിലാണ് നിയമനം നൽകുന്നതെങ്കിൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക് ഉവർക്ക് നിയമനം മാറ്റി നൽകേണ്ടതാണ്.

2) ഗിരിവർഗ്ഗ പ്രദേശങ്ങളിലുണ്ടാകുന്ന ഒഴിവുകളിൽ കഴിവതും പട്ടികവർഗ്ഗ ഉദ്യോഗസ്ഥൻമാരെ നിയമിക്കേണ്ടതാണ്.

3) സൂചന മൂന്നും, നാലും അനുസരിച്ച് പൊതുസ്ഥലം മാറ്റങ്ങൾ നൽകുമ്പോൾ പട്ടികജാതി പട്ടികവർഗ്ഗ ഉദ്യോഗസ്ഥൻമാർക്ക് ലഭ്യമാകേണ്ട മുൻഗണന നൽകേണ്ടതാണ്.

സർക്കാർ ഉത്തരവുകളുടെ ലംഗനം നടത്തുന്ന നിയമനാധികാരികളുടെ മേൽ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്.

റാംസിംഗ്,
പ്രിൻസിപ്പൽ സെക്രട്ടറി.

എല്ലാ വകുപ്പ് തലവന്മാർക്കും/നിയമനാധികാരികൾക്കും.

(ഒപ്പ്)
സെക്ഷൻ ഓഫീസർ.

മേലെഴുത്ത് നം.-11363/2000 തീയതി: 14.2.2000

-----------------------------------------------------------------------

പകർപ്പ് എല്ലാ ചീഫ് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും

..

(ഒപ്പ്)

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് വേണ്ടി.

ഇണ്ടാസ് നം. ഇ2 - 3012/2000 ആർ.ഡിസ്. തീയതി: 28.4.2000

.---------------------------------------------------------------------------

പകർപ്പ് :- ഫോറസ്റ്റ് കൺസർവേറ്റർ, സീനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട്, ഇ1-സെക്ഷൻ, സ്റ്റോക്ക് ഫയലിലേക്ക്.

(ഒപ്പ്)

ഫോറസ്റ്റ് കൺസർവേറ്റർക്കുവേണ്ടി.

അംഗീകാരത്തോടെ,

സൂപ്രണ്ട്.

എൻ. ടി ആർ/04 05